ശാരീരികമായും തളർന്നുകഴിഞ്ഞു. അച്ഛനെ പുറത്തേക്ക് വിടാൻ മക്കൾ മടിക്കുന്നു. ഈ അവസ്ഥയിൽ അച്ഛൻ പുറത്തേക്കിറങ്ങുന്നതുപോലും മക്കൾക്ക് പേടിയാണ്. ഈ കുടുംബത്തെ തകർത്ത സംഭവത്തിൽ മണൽ മാഫിയയ്ക്ക് ബന്ധമുണ്ടെന്ന നാട്ടുകാരുടെ പരാതി ഉയർന്നിട്ടുണ്ട്. പരോക്ഷമായി ആർക്കൊക്കെയാണ് ഈ മരണത്തിൽ ബന്ധമുള്ളത് എന്നുകൂടി അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ കുടുംബത്തിന് ഇങ്ങനെയൊരു അത്യാഹിതം സംഭവിച്ച സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും ഉണ്ടാകണമെന്നും ഈ കേസുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് മണൽ മാഫിയയ്ക്ക് ഇതിലുള്ള പരോക്ഷബന്ധം സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി മതിയായ ശിക്ഷ നൽകണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ചാലക്കുടി പോട്ടയ്ക്ക് സമീപം മുല്ലശ്ശേരിയിൽ താമസിക്കുന്ന സുകുമാരൻ നായരുടെ നെൽപ്പാടത്തോട് ചേർന്നു ചാലക്കുടി ഹൈസ്കൂളിനുവേണ്ടി അക്വയർ ചെയ്ത നെൽപ്പാടം നിക

11.00 A.M.] ത്തുന്നതു സംബന്ധിച്ച് സുകുമാരൻ നായർ എതിർപ്പ് പ്രകടിപ്പിച്ചു. ഇതിനെപ്പറ്റി നെൽപ്പാടം നികത്താൻ കോൺട്രാക്ട് എടുത്തിരുന്ന പോട്ട, പനമ്പുക്കൽ സ്വദേശി വിൽസൺ, സുകുമാരൻ നായരുമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടു. കഴുത്തിനു കുത്തിപ്പിടിച്ച് വീടിനു തീവയ്ക്കുമെന്നു ഭീഷണിപ്പെടുത്തി. ഇതറിഞ്ഞ സുകുമാരൻ നായരുടെ ഭാര്യ ശാന്തമ്മ കുഴഞ്ഞു വീഴുകയും അവരെ ചികിൽസയ്ക്കായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ചികിൽസയിൽ ഇരിക്കെ അടുത്ത ദിവസം അവർ മരണപ്പെട്ടു. ഈ കാര്യത്തിനു അസ്വാഭാവിക മരണം എന്ന തലക്കെട്ടിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിൽസൺ തന്റെ വീട് തീവയ്ക്കുമെന്നും തന്നെ ഭീഷണിപ്പെടുത്തിയെന്നും സുകുമാരൻ നായർ പരാതിപ്പെട്ടതിന്റെ വെളിച്ചത്തിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ശാന്തമ്മയുടെ മരണത്തിനു ഏതെങ്കിലും വിധത്തിലുള്ള ഉത്തരവാദിത്വം ഈ സംഭവത്തിനു ഉണ്ടോയെന്നു പ്രത്യേകം പരിശോധിക്കും. ഉണ്ടെങ്കിൽ അതിനനുസരിച്ചുള്ള നിയമ നടപടികൾ ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

(4) വാറ്റ് നടപ്പാക്കിയതുമൂലം കൺസ്യൂമർ ഫെഡിലെ സർക്കാർ പദ്ധതികൾ പ്രതിസന്ധിയിലായ സാഹചര്യം

ശ്രീ. എം. വി. ജയരാജൻ: സർ, സർക്കാർ പ്രഖ്യാപിച്ച ഒരുപാട് പദ്ധതികൾ നടപ്പിവാക്കിവരുന്ന ഒരു സ്ഥാപനമാണ് കൺസ്യൂമർ ഫെഡ്. വാറ്റ് ഏർപ്പെടുത്തിയതുമൂലം കൺസ്യൂമർ ഫെഡ് ഇപ്പോൾ ഗുരുതരമായിട്ടുള്ള പ്രതിസന്ധിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പദ്ധതികളായ നീതി സ്കീമും നീതി മെഡിക്കൽ പദ്ധതികളും ഗുരുതരമായിട്ടുള്ള പ്രതിസന്ധിയിലാണ്. വിൽപ്പന വില നിയന്ത്രിച്ച് ബിൽ പെയ്ത് അതിൽ ഡിസ്ക്കൗണ്ട് നൽകുന്നതാണ് കൺസ്യൂമർ ഫെഡിലെ നിലവിലുള്ള സംവിധാനം. വാറ്റ് നടപ്പിലായതോടെ നീതിസ്റ്റോറിലൂടെയുള്ള വിൽപന വിറ്റയിൽ ഫെഡറേഷന് നിയന്ത്രണം ഇല്ലാതാവുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണരായ 'ഉപഭോക്താക്കൾക്ക് ചുരുങ്ങിയ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകാൻ ഇനി മുതൽ കഴിയാതെവരും. വാറ്റ് നടപ്പിലായതോടെ മരുന്നു ഉല്പാദകരായ അന്യ സംസ്ഥാനങ്ങളിലെ കമ്പനികൾ ജീവൻരക്ഷാ മരുന്നു കളുടെ, പ്രത്യേകിച്ചും എം.ആർ.പി. വർദ്ധിപ്പിച്ചുകൊണ്ട് കൊള്ളലാഭം ഉണ്ടാക്കു കയാണ് ചെയ്യുന്നത്. അതുമൂലം നീതിമെഡിക്കൽ സ്റ്റോറുകൾക്ക് 10 ശതമാനം മുതൽ 30 ശതമാനംവരെ വില കുറയ്ക്കാൻ കഴിഞ്ഞിരുന്ന സംവിധാനം ഇല്ലാതാകും. അപ്പോൾ ചുരുങ്ങിയ വിലയ്ക്ക് മരുന്നു ലഭ്യമാക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകളും പ്രയാസത്തെ നേരിടുകയാണ്. നോട്ടുബുക്ക് നിർമ്മിക്കുകയും ആവശ്യമായ നികുതി അടച്ച് കുറഞ്ഞ വിലയ്ക്ക് നീതി സ്റ്റോറുകൾ വഴി വിതരണം ചെയ്യുകയുമാണ് ഇപ്പോൾ കൺസ്യൂമർ ഫെഡ് ചെയ്യുന്നത്. അതിനെല്ലാം സർക്കാരിലേക്ക് കൃത്യമായിട്ട് നികുതി അടയ്ക്കുകയും ചെയ്യുന്നുണ്ട്. ഇനിയിപ്പോൾ ആ സംവിധാനവും പാടെ അവതാളത്തിലാകും. അതു കൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, വാറ്റിൽ നിന്നു കൺസ്യൂമർ ഫെഡിനെ, ജനങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന ഒരു സ്ഥാപനം എന്ന നിലയിൽ, ഒഴിവാക്കേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിക്കണം. മദ്യ വ്യാപാരമേഖലയിൽ കഴിഞ്ഞ 4 വർഷം കൊണ്ട് 22.32 കോടി രൂപ കൺസ്യൂമർ ഫെഡിന് നഷ്ടമായിരിക്കുകയാണ്. ബിവറേജസ് കോർപ്പറേഷൻ ലാഭത്തിലാണ്. രണ്ടും സർക്കാർ സ്ഥാപനങ്ങളാണ്. രണ്ട് സമാന സ്വഭാവത്തിൽ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളാണ്. ഒന്നിന് മൊത്ത വ്യാപാരമുൾപ്പെടെയുള്ളത് കൊടുക്കുന്നു. കൺസ്യൂമർ ഫെഡ് ബിവറേജസ് കോർപ്പറേഷനിൽ നിന്നു വാങ്ങി ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നു. ബിവറേജസ് കോർപ്പറേഷന് 56 ശതമാനം വരെ ലാഭമുണ്ടാക്കാൻ കഴിയത്തക്കനിലയിൽ മദ്യവ്യാപാര നില പോകു മ്പോൾ കൺസ്യൂമർ ഫെഡിന് അത് കഴിയുന്നില്ല. ഒന്നിന്റെ നഷ്ടം കൊണ്ട് മറ്റൊന്നു ലാഭമുണ്ടാക്കുന്നു. മൊത്തവ്യാപാര മേഖല കൺസ്യൂമർ ഫെഡിനും കൂടി വിഭജിച്ചു കൊടുക്കുക. സർക്കാരാണ് യഥാർത്ഥത്തിൽ കൺസ്യൂമർ ഫെഡിനെ മദ്യവ്യാപാരം ഏല്പിച്ചിട്ടുള്ളത്. ഇത് തികച്ചും വിവേചനപരമായ ഒരു കാര്യമാണ്. ഇപ്പോൾ കൺസ്യൂമർ ഫെഡിന് വിൽപ്പന നികുതി സർച്ചാർജായി ഈടാക്കുന്ന നികുതിയിനത്തിൽ തന്നെ കോടികൾ കൊടുക്കേണ്ടി വരുന്നുണ്ട്. എന്നാൽ ബിവറേജസ് കോർപ്പറേഷന് ഇതിൽ ഓരോ വർഷവും ഇളവ് കൊടുക്കുകയാണ്.

കഴിഞ്ഞ വർഷം മാത്രം 45 കോടി രൂപ ഇളവ് കൊടുത്തിരുന്നു. ഇത് യഥാർത്ഥത്തിൽ കണക്കിൽ കാണിക്കുന്ന ചില അഡ്ജസ്റ്റുമെന്റിന്റെ മാത്രം കാര്യമാണ്. ബിവറേജസ് കോർപ്പറേഷന് കൊടുക്കുന്ന വില്പന നികുതി സർച്ചാർജ് ഇളവ് കൺസ്യൂമർ ഫെഡിന് കൊടുക്കുന്നില്ല. കൺസ്യൂമർ ഫെഡും സർക്കാരിന്റെ സ്ഥാപനമാണ്. ഗുരുതരമായിട്ടുള്ള സാമ്പത്തിക പ്രയാസത്തിലേക്ക് അത് പോകേണ്ടി വരുന്നുയെന്നുള്ളത് കാണാൻ കഴിയും. ഇപ്പോൾ, 2005-ൽ ഓണച്ചന്ത ആരംഭിക്കേണ്ടുന്ന സമയമാണിത്. അവർ ചില പരിപാടികൾ ഇട്ടിട്ടുണ്ട്: ഗുരുതരമായ ഈ പ്രതിസന്ധിമൂലം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഈ സ്കീമുകൾ അവതാളത്തിലാകും. അതിന് സബ്സിഡി നൽകണം. അതുപോലെ തന്നെ കൺസ്യൂമർ ഫെഡിൽ ജോലി ചെയ്യുന്ന ജീവനക്കാർ, എട്ടും പത്തും വർഷമായി ജോലി ചെയ്യുന്ന ജീവനക്കാരുണ്ട്. അവരിൽ ഒരു വിഭാഗത്തിന്റെ കാര്യത്തിൽ സഹകരണ രജിസ്ട്രാർ ഇറക്കിയ ഉത്തരവുവഴി അവരുടെ ജോലിക്ക് സുരക്ഷിതത്വം കിട്ടുന്നുണ്ട്. മറ്റ് ജീവനക്കാർക്കുകൂടി സുരക്ഷിതത്വം കിട്ടത്തക്കനിലയിൽ എല്ലാ ജീവനക്കാരേയും, അവരുടെ സേവന ദൈർഘ്യംകൂടി കണക്കിൽ എടുത്തുകൊണ്ട് സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. അവരുടെ ശമ്പള ഘടനയിൽ കാലോചിതമായ മാറ്റം വരുത്തണം, ശമ്പളം പരിഷ്കരിക്കണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (*ശ്രീ. എം. വി. രാഘവൻ*): സർ, കൺസ്യൂമർ ഫെഡ് നടപ്പിലാക്കി വരുന്ന നീതി സ്റ്റോർ/നീതി മെഡിക്കൽ പദ്ധതികളെ വാറ്റ് നിയമത്തിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അത് ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാക്കാൻ ഇടയാകുന്നുവെന്നും മരുന്നുകൾ ഉൾപ്പെടെയുള്ള പല ഉൽപ്പന്നങ്ങൾക്കും ഉൽഭവസ്ഥാനത്തുതന്നെ വിലകൂട്ടി നികുതി ഭാരത്തിൽ നിന്നു മുക്തരാകുന്നതിനുള്ള ഉല്പാദകരുടെ പ്രവണത വിലവർദ്ധനവിന് ഇടയാക്കുന്നുയെന്നും ഇത് സ്കീമിന്റെ ലക്ഷ്യത്തെ ദോഷകരമായി ബാധിക്കുമെന്നും കൺസ്യൂമർ ഫെഡറേഷൻ അറിയിച്ചിട്ടുണ്ട്. ത്രിവേണി നോട്ടുബുക്കുകൾക്ക് മുൻകാലങ്ങളിൽ സർക്കാർ നൽകിവന്നിരുന്ന വിൽപ്പന നികുതിയിളവ് വാറ്റ് നിയമം നടപ്പിലാക്കിയതോടുകൂടി നഷ്ടപ്പെടുന്നതിനാൽ വില വർദ്ധനവ് അനിവാര്യമാക്കിയിട്ടുണ്ട്. അതുപോലെ അവശ്യ മരുന്നുകൾ കൺസ്യൂമർ ഫെഡറേഷന് വിതരണം ചെയ്യുന്നതിൽ നിന്നു പിൻമാറിയ 28 കമ്പനികളിൽ 12 പ്രമുഖ കമ്പനികൾ മരുന്നു വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ബാക്കി കമ്പനികളുടെ സപ്ലൈ പുനഃസ്ഥാപിച്ച് കിട്ടുന്നതിനും മരുന്നുകളുടെ ദൗർലഭ്യം പൂർണ്ണമായി പരിഹരിക്കുന്നതിനുമുള്ള ശ്രമം തുടരുകയാണ്. 98 ശതമാനത്തിലേറെ സർക്കാർ ഓഹരി നിക്ഷേപമുള്ള കൺസ്യൂമർ ഫെഡറേഷൻ ബിവറേജസ് കോർപ്പറേഷനുമായി തുല്യതയുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഏജൻസിയാണെന്നും എന്നാൽ ബിവറേജസ് കോർപ്പറേഷൻപോലെ ആനുകൂല്യങ്ങൾ ഫെഡറേഷന് ലഭിക്കാത്തതുമൂലമാണ് വിദേശ മദ്യ വ്യാപാരത്തിൽ വർഷങ്ങളായി നഷ്ടം നേരിടുന്നത് എന്നുമാണ് കൺസ്യൂമർ ഫെഡ് അറിയിച്ചിരിക്കുന്നത്. നാളിതുവരെ മൊത്തം നഷ്ടം 22 കോടി രൂപയാണ്. അതുപോലെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നൽകി വിൽപ്പന നടത്തുന്നതിനുള്ള അനുവാദത്തിനും സബ്സിഡി ഇനത്തിൽ 137.50 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി കൺസ്യൂമർ ഫെഡറേഷൻ അപേക്ഷിച്ചിട്ടുണ്ട്. 1998 മുതൽ 2004 വരെ കൺസ്യൂമർ ഫെഡ് ഓണച്ചന്ത നടത്തിയ വകയിൽ സർക്കാരിന് കിട്ടേണ്ട കുടിശ്ശിക തുക 5,75,41,816 രൂപയാണ്. എൻ.സി.ഡി.സി. സഹായത്തിനു വേണ്ടി പല പ്രോജക്ടുകളും അവർ സമർപ്പിച്ചിട്ടുണ്ട്. കുന്ദംകുളത്ത് ഗോഡൗൺ, പൂക്കോട്ടുപടിയിൽ ഗോഡൗൺ, പാലക്കാട്ട് ഗോഡൗൺ, നീതി മെഡിക്കൽ സ്റ്റോർ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, 2 കോടി രൂപയുടെ ഓഹരി മൂലധനം എറണാകുളത്ത് ഹൈപവർ മാർക്കറ്റ് തുടങ്ങിയ സ്കീമുകളാണ് സമർപ്പിച്ചിട്ടുള്ളത്. ദിവസവേതന കരാർ അടിസ്ഥാനത്തിൽ ഫെഡറേഷനിൽ ഇപ്പോൾ ജോലി ചെയ്യുന്ന 416 പേരെ സ്ഥിരപ്പെടുത്തുന്നതിനു സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(5) കായംകുളം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

ശ്രീ. എം. എം. ഹസ്സൻ: സർ, കായംകുളത്തെ ഗവൺമെന്റ് ആശുപത്രി ഇപ്പോൾ 125 കിടക്കകളുള്ള സർക്കാർ ആശുപത്രിയാണ്. അവിടെ 100 കിടക്കകളുള്ള പുതിയ വാർഡിന്റെ പണി പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. കുട്ടികളുടെ വാർഡ്, അത്യാഹിത വിഭാഗം ഉൾപ്പെടെ 275 കിടക്കകളുള്ള മേജർ ആശുപത്രിയായി ഈ ആശുപത്രി മാറിയിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സർക്കാർ ആശുപത്രിയാണിത്. ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി എന്ന നിലയിൽ സുനാമി ദുരന്തമുണ്ടായപ്പോൾ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ടി. കെ. ദേവകുമാറിന്റെയും അതുപോലെ തന്നെ നമ്മുടെ കരുനാഗപ്പള്ളി മണ്ഡലത്തിലുമുള്ള നിരവധി ആളുകളെ അവിടെയാണ് കൊണ്ടുവന്നത്. 1987-ൽ ഇതിനെ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചെങ്കിലും, അതിനാവശ്യമായ ചില നിയമനങ്ങളൊക്കെ നടന്നെങ്കിലും, താലൂക്ക് ആശുപത്രിയായിട്ടുള്ള അതിന്റെ പദവി ഇന്നും നേടിയിട്ടില്ല. 275 കിടക്കകളുള്ള ആശുപത്രിയായി മാറുമ്പോഴും 125 കിടക്കകളുള്ള ആശുപത്രിക്കുള്ള സ്റ്റാഫും അനുബന്ധസ്റ്റാഫും മാത്രമേ അവിടെയുള്ളൂ. ഇതിപ്പോൾ താലൂക്ക് ആശുപത്രിയുമല്ല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമല്ല; പ്രൈമറി ഹെൽത്ത് സെന്ററുമല്ല. ആ ഒരു